*പ്രസിദ്ധീകരണത്തിന്,*

# അറിയിപ്പ്

കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ വിവിധ കേന്ദ്ര ധനകാര്യ കോർപ്പറേഷനുകളുടെ (NBCFDC, NMDFC, NSFDC, NSTFDC, NSKFDC) സംസ്ഥാനത്തെ ചാനലൈസിംഗ് ഏജൻസിയാണ്. അവയുടെ വ്യക്തിഗത സ്വയംതൊഴിൽ വായ്പ പദ്ധതികളും ലഘു വായ്പ പദ്ധതികളും വിദ്യാഭ്യാസ വായ്പ പദ്ധതികളും കോർപ്പറേഷൻ നടപ്പാക്കുന്നു. അതിലേക്ക് സംസ്ഥാന സർക്കാരിന്റെയും സ്ഥാപനത്തിന്റെയും വിഹിതം കൂടി ചേർത്ത് ടി കോർപ്പറേഷനുകളുടെ മാർഗ്ഗ നിർദ്ദേശമനുസരിച്ച്, പിന്നാക്ക, ന്യൂനപക്ഷ, പട്ടികജാതി, പട്ടികവർഗ്ഗ, ശുചീകരണ തൊഴിലാളി വിഭാഗങ്ങളിലെ വനിതകൾക്ക് ആണ് വായ്പകളുടെ വിതരണം നടക്കുന്നത്.

പൊതു വിഭാഗത്തിന് ഇത്തരത്തിൽ വായ്പ കൊടുക്കുന്ന കേന്ദ്ര ധനകാര്യ വികസന കോർപ്പറേഷനുകൾ നിലവിലില്ല. സംസ്ഥാന സർക്കാരിന്റെ പൊതുവിഭാഗത്തിലെ വനിതകൾക്കുള്ള വ്യക്തഗത സ്വയംതൊഴിൽ വായ്പ പദ്ധതി സ്ഥാപനം ഏറ്റെടുത്ത് നടത്തുന്നു. അതിന് സംസ്ഥാന സർക്കാരിന്റെയും സ്ഥാപനത്തിന്റെയും ഫണ്ട് വിനിയോഗിക്കുന്നുണ്ട്. അടുത്തിടെ ഈ വായ്പ പരിധി മുന്ന് ലക്ഷത്തിൽ നിന്നും അഞ്ച് ലക്ഷമായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെയും വനിത വികസന കോർപ്പറേഷന്റെയും ഫണ്ട് ഉപയോഗിച്ച് 2000–01 മുതൽ ഇതുവരെ പൊതു (മുന്നോക്ക) വിഭാഗത്തിൽപ്പെട്ട 4551 പേർക്കായി 8453.99 ലക്ഷം (84.5 കോടി രൂപ) രൂപയുടെ സ്വയംതൊഴിൽ വായ്പ അനുവദിച്ചിട്ടുണ്ട്.

വസ്തുതകൾ ഇതായിരിക്കെ വനിത വികസന കോർപ്പറേഷനിൽ നിന്ന് ചില പ്രത്യേക മത വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രം വായ്പകൾ അനുവദിക്കുന്നു എന്നും ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും ഹിന്ദുക്കൾക്കും വായ്പകൾ അനുവദിക്കുന്നില്ലായെന്നും വ്യാപകമായ ദുഷ്പ്രചരണങ്ങൾ സോഷ്യൽ മീഡിയ മുഖേന നടക്കുകയാണ്.

ഇത്തരത്തിൽ വസ്തുതാ വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

**മാനേജിംഗ് ഡയറക്ടർ**